LIBRARY ARCHIVES Kerala Legislative Assembly

തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗരേഖ- പുതുക്കിയ മാനദണ്ഡം

30 (3313) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയുടെ മാർഗരേഖ 60 ശതമാനം കൂലിയും 40 ശതമാനം നിർമ്മാണ സാമഗ്രികൾ, മറ്റ് ഭരണച്ചെലവുകൾ എന്ന വ്യവസ്ഥക്ക് കേന്ദ്രസർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) പുതുക്കിയ മാനദണ്ഡ പ്രകാരം വിഹിതം കുറയ്ക്കുന്നത് പദ്ധതിയുടെ ഗുണഭോക്താക്കളെ സാരമായി ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) തൊഴിലാളി കുടുംബങ്ങളെ ദോഷകരമായി ബാധിക്കുന്ന ഇത്തരം വ്യവസ്ഥ മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മാനദണ്ഡങ്ങൽ പുതുക്കിയിട്ടില്ലാത്തതിനാൽ ബാധകമല്ല.

(സി) ബാധകമല്ല .

തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കൂടുതൽ പ്രവൃത്തികൾ

31 (3314) ശ്രീ. പി. കെ. ബഷീർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പു പദ്ധതിയിൻ കീഴിൽ ജൈവകൃഷി വ്യാപനം, നെൽകൃഷിയും അനുബന്ധ പ്രവൃത്തികളും ജലസ്രോതസ്സുകളുടെയും മറ്റും വൃത്തിയാക്കൽ, മാലിന്യ നിർമ്മാർജ്ജനം, സംഘകൃഷി എന്നീ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1, ഖണ്ഡിക 4(1)-ൽ അനുശാസിച്ചിട്ടുള്ള പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളൂ. ഇതുപ്രകാരം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം ഉൾപ്പെടെ പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികളും തൊഴിലുറപ്പ് നിയമത്തിലെ ഖണ്ഡിക 5-ൽ പ്രതിപാദിച്ചിട്ടുള്ള സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങളുടെ ഭൂമിയിൽ ഇടപെടൽ പൂർത്തിയായതിനുശേഷം, 2008-ലെ കാർഷിക കടാശ്വാസ പദ്ധതിയിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരമുള്ള ചെറുകിട/നാമമാത്ര കർഷകരുടെ ഭൂമിയിലും, ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനം, ജലസേചനത്തിനുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ, പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാം ഫോറസ്ട്രി, തരിശ്ഭൂമി/പാഴ്ഭൂമി കൃഷിക്ക് അനുയോജ്യമാക്കി മാറ്റൽ എന്നീ പ്രവൃത്തികളും സ്വയംസഹായസംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി കാർഷികോല്പന്നങ്ങളുടെ സംഭരണസൗകര്യം, ജൈവവളം നിർമ്മാണം എന്നിവയ്ക്കാവശ്യമായ സ്ഥായിയായ അടിസ്ഥാനസൗകര്യങ്ങളൊരുക്കലും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയും. എന്നാൽ, നെൽകൃഷി ഉൾപ്പെടെയുള്ള മറ്റ് കൃഷിപ്പണികളിലെ ആവർത്തന സ്വഭാവമുള്ള പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നത് നിരോധിച്ചിട്ടുണ്ട്.

(ബി) നെൽകൃഷിയുൾപ്പെടെയുള്ളവ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തിയിനമായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നിവേദനം സമർപ്പിച്ചിട്ടുണ്ട്. അനുകൂല തീരുമാനം ലഭ്യമായിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ കാർഷികമേഖലയെ ഉൾപ്പെടുത്തൽ

32 (3315) ഡോ. കെ. ടി. ജലീൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് എം. മുരളി കമ്മിഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) കാർഷിക മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞോയെന്ന് വ്യക്തമാക്കാമോ ;